# Press Release on Prime Minister’s meeting with President of France

May 04, 2022

## ഫ്രാൻസ് പ്രസിഡന്റുമായി പ്രധാനമന്ത്രി നടത്തിയ കൂടിക്കാഴ്ച

പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി 2022 മെയ് 4ന് കോപ്പൻഹേഗനിൽ നടന്ന രണ്ടാമത് ഇന്ത്യ-നോർഡിക് ഉച്ചകോടിയിൽ പങ്കെടുത്തുമടങ്ങുംവഴി ഫ്രാൻസിൽ ഔദ്യോഗിക സന്ദർശനം നടത്തി.

ഫ്രാൻസ് പ്രസിഡന്റ് ഇമ്മാനുവൽ മാക്രോണുമായി പാരീസിൽ പ്രധാനമന്ത്രി വൺ-ഓൺ-വൺ, പ്രതിനിധിതല ചർച്ചനടത്തി. പ്രതിരോധം, ബഹിരാകാശം, നീല സമ്പദ്‌വ്യവസ്ഥ, സിവിൽ ന്യൂക്ലിയർ, ജനങ്ങൾ തമ്മിലുള്ള ബന്ധം തുടങ്ങിയ മേഖലകളിലെ സഹകരണം ഉൾപ്പെടെ മുഴുവൻ ഉഭയകക്ഷി വിഷയങ്ങളിലും ഇരുനേതാക്കളും ചർച്ചനടത്തി. . ഇരുനേതാക്കളും പ്രാദേശികവും ആഗോളവുമായ സുരക്ഷാകാര്യങ്ങൾ വിലയിരുത്തി. ഇന്ത്യ-ഫ്രാൻസ് നയപങ്കാളിത്തത്തിലൂടെ ആഗോളനന്മയ്ക്കു കരുത്തുപകരുന്നതിനായി ഒന്നിച്ചു പ്രവർത്തിക്കാനുള്ള വഴികൾ നേതാക്കൾ ചർച്ചചെയ്തു. പ്രധാനമന്ത്രിയുടെ ഫ്രാൻസ് സന്ദർശനം ഇരുരാജ്യങ്ങളും തമ്മിലുള്ളതു മാത്രമല്ല, ഇരുനേതാക്കളും തമ്മിലുള്ള കരുത്തുറ്റ സൗഹൃദവും പ്രകടമാക്കി.

. ഏറ്റവും അടുത്ത അവസരത്തിൽ ഇന്ത്യ സന്ദർശിക്കാൻ പ്രസിഡന്റ് മാക്രോണിനെ പ്രധാനമന്ത്രി ക്ഷണിച്ചു.

ചർച്ചകൾക്കുശേഷം നേതാക്കൾ സംയുക്തപ്രസ്താവന പുറപ്പെടുവിച്ചു.

**പാരിസ്**

**മെയ് 04, 2022**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.